പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 183

25.04.2017-ൽ മറുപടിയ്ക്ക്

## പട്ടികജാതിക്കാരനായ ശിവകുമാറിനും കുടുംബത്തിനും വധഭീഷണി

### ചോദ്യം

ശ്രീ. എം.ഉമ്മർ

(എ) കൊല്ലം ജില്ലയിലെ മയ്യനാട് വലിയമഠം ഭാഗം കനാൽ പുറമ്പോക്ക് താമസക്കാരൻ പട്ടികജാതിക്കാരനായ ശിവകുമാറിനും കുടുംബത്തിനും നേരെ വധഭീഷണി ഉണ്ടെന്ന പരാതി ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത പരാതിയിന്മേൽ അന്വേഷണം നടത്തി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ശിവകുമാറിനെയും കുടുംബത്തെയും കുടിയൊഴിപ്പിക്കാൻ വേണ്ടിയാണ് ഭീഷണിപ്പെടുത്തുന്നതെന്ന ആവലാതി പരിശോധിച്ചിട്ടുണ്ടോ ;

(ഡി) പ്രതികളെ അറസ്റ്റ് ചെയ്ത് നിയമത്തിന്റെ മുമ്പിൽ കൊണ്ടുവന്ന് പ്രസ്തുത പട്ടികജാതി കുടുംബത്തിന് സംരക്ഷണം നൽകാൻ നിർദ്ദേശം നൽകുമോ ?

### മറുപടി

ശ്രീ. പിണറായി വിജയൻ
(മുഖ്യമന്ത്രി)

(എ) ഉണ്ട്.

(ബി), (സി) & (ഡി) ഇതുസംബന്ധിച്ച് കൊട്ടിയം പോലീസ് സ്റ്റേഷൻ Cr.No.968/17 u/s 3(1)(s) of SC/ST POA Amendment Act പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് ഇപ്പോൾ ചാത്തന്നൂർ അസിസ്റ്റന്റ് പോലീസ് കമ്മീഷണർ അന്വേഷിച്ചു വരുന്നു. പ്രസ്തുത കേസിനാധാരമായ പരാതിയിൽ പറയുന്ന ആരോപണങ്ങളുടെ നിജസ്ഥിതി അന്വേഷണത്തിൽ വെളിവായാൽ മാത്രമേ നിയമപ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ. എന്നിരുന്നാലും ടിയാളുടെ കുടുംബത്തിന് ആവശ്യമായ സംരക്ഷണം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ